

SANTHOME
Messenger
Vol. 14 Issue 2 Mar-Apr 2023 FARIDABAD DIOCESAN BULLETIN



# THE VISIT OF PRIME MINISTER NARENDRA MODI

## at Sacred Heart Cathedral, New Delhi for Easter Celebrations






# Thanks to

## Very Rev. Dr. Joseph Odanat

The whole diocesan community of Faridabad diocese expresses our sincere gratitude towards Very Rev. Dr. Joseph Odanat for his dedicated service in the diocese as the Vicar General. Dr. Joseph Odanat has made an indelible mark in the history of the diocese of Faridabad. He worked hard and his experience at the time of the Delhi Syro Malabar Mission paved the way for the formation of many parishes. Later, during his fruitful tenure as the Vicar General of the diocese, he contributed a lot for the integral growth of the diocese. His presence was a source of inspiration for all those who worked with him, especially for the clergy of the diocese. He was an ardent pastor and an innovative missionary who loved the Delhi Syro Malabar Mission and the new diocese with great zeal and vision.

Dr. Joseph Odanat was also the Chief Editor of the diocesan bulletin, Santhome Messenger of last three years. His able leadership and talented pen helped a lot to present the Santhome Messenger with a new style and deep content.

The diocese of Faridabad cannot forget the hard working and zealous pastor. The diocesan community wholeheartedly thank him for his selfless service in the Eparchy and wish him all success and divine blessings in his future ministry.

# Faridabad
## DIOCESAN BULLETIN
## SANTHOME MESSENGER

MARCH - APRIL 2023




PATRON **ARCHBISHOP KURIAKOSE BHARANIKULANGARA**
MISSION EDITOR **BISHOP JOSE PUTHENVEETTIL**
CHIEF EDITOR **REV. FR. OUSEPHACHAN** (bidhin.mathali@gmail.com)
ASSOCIATE EDITOR **MR. JOHNSON V.P.** (johnpvadakkan@yahoo.com)
MEMBERS **REV. FR. FRIJO THARAYIL, MR. A. C. WILSON, DR. DELONY MANUVEL**

**03** COVER STORY



**10** Lead Story



**06** Circular
**08** Curia Desk
**12** Sr. Fidelis' Tender Devotion to Mother Mary
**14** Infant Jesus Dwarka
**15** Report of Punjabi Language
**18** Sanjoepuram Children's Village
**19** Article
**22** Parishes

PUBLISHED BY **DIOCESE OF FARIDABAD-DELHI**
**ADDRESS** BISHOP'S HOUSE, 1B/32 N.E.A, OLD RAJINDER NAGAR, NEW DELHI - 110060
**E-MAIL** santhomemessenger@gmail.com info@faridabaddiocese.in
**WEBSITE** www.faridabaddiocese.in

DESIGNED & PRINTED **ROYALTHOTZ, NEW DELHI** (thomas@royalthotz.com)
WEB EDITION **THOMAS MAMPILLY**

*(FOR PRIVATE CIRCULATION ONLY)*




Rev. Msgr. John Chozhithara is appointed as the Vicar General of the Diocese of Faridabad. Priest of the Archdiocese of Ernakulam-Angamaly, Fr. John served the Delhi Syro-Malabar Mission from 1995 to 2000 and 2005 to 2012. Before joining the diocese, he was in Regensburg Diocese, Germany for pastoral ministry. The diocesan community cordially welcomes Fr. John Chozhithara and wish him every success.

# WELCOME!

## **Festal Greetings:** May-June



Fr. Liviju Ambarayil
**03-May**



Fr. Samuel Animoottil
**03-May**



Fr. Antony Kalathil
**13-Jun**



Fr. Anto Thaikkattil
**13-Jun**



Fr. Litto Cheruvallil
**13-Jun**



Fr. Antony Kalapurackal
**13-Jun**



Fr. Jomy Periyappadan
**13-Jun**



Fr. Lijo Thaliyath
**13-Jun**



Msgr. John Chozhithara
**24-Jun**



Fr. Binto Baby Kalathil
**24-Jun**



Fr. Jibin Kandathil
**24-Jun**



Fr. Siby Poovathinkal
**29-Jun**

**Festal Greetings also to all our Rev. Sisters and Laity, having Patron's Day in** May - June 2023





# പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ കത്തീഡ്രൽ സന്ദർശനവും ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങളും

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ക്രിസ്ത്യൻ സമൂഹത്തിന് ഈസ്റ്റർ ആശംസകൾ നേരാൻ ഡൽഹിയിലെ പ്രധാന കത്തീഡ്രൽ ദേവാലയമായ സേക്രഡ് ഹാർട്ട് കത്തീഡ്രൽ സന്ദർശിച്ചത് ശ്ലാഘനീയമായ കാര്യമാണ്. സാധാരണമല്ലാത്ത ഈ സന്ദർശനം വളരെ ഏറെ പൊതുജന ശ്രദ്ധ പിടിച്ചുപറ്റുകയും ചിലർ അതിനെ രാഷ്ട്രീയവത്കരിക്കുവാൻ ശ്രമിക്കുകയും ചെയ്തു. മറ്റു ചിലർ ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങളുമായി ഇതിനെ ബന്ധിപ്പിച്ചു വിമർശനങ്ങൾ ഉയർത്തുകയുണ്ടായി. ഈ ആക്രമണങ്ങളെ തമസ്കരിച്ചുകൊണ്ടോ നിഷേധിച്ചുകൊണ്ടോ അല്ല പ്രധാനമന്ത്രിക്കും പ്രസിഡണ്ടിനും സഭാധികാരികൾ ആതിഥ്യം നൽകിയത്.

ക്രൈസ്തവർക്കെതിരെ വിവിധ സംസ്ഥാനങ്ങളിൽ വിദ്വേഷവും ആക്രമണവും രൂക്ഷമാകുന്ന സാഹചര്യത്തിൽ കക്ഷിരാഷ്ട്രീയഭേദമെന്യേ ക്രൈസ്തവസഭകൾ നേരിട്ട് നേതൃത്വം നൽകി ആയിരങ്ങൾ പങ്കെടുത്ത വൻപ്രതിഷേധ ധർണ്ണ 2023 ഫെബ്രുവരി 19-ന് രാജ്യതലസ്ഥാനമായ ഡൽഹിയിലെ ജന്തർ മന്തറിൽ നടന്നത്.

രാജ്യത്തുടനീളമുള്ള ക്രൈസ്തവ പുരോഹിതന്മാർക്കും സ്ഥാപനങ്ങൾക്കും വിശ്വാസികൾക്കും എതിരെയുള്ള ആക്രമണങ്ങൾ തടയാൻ നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ മാർച്ച് 13-നാണു ബാംഗ്ലൂർ അതിരൂപത ആർച്ച്ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ സുപ്രീം കോടതിയിൽ പൊതുതാത്പര്യ ഹർജി സമർപ്പിച്ചത്. സ്വന്തം പൗരന്മാരെ സംരക്ഷിക്കുന്നതിൽ ഭരണകൂട സംവിധാനത്തിന്റെ പരാജയം കൊണ്ടാണ് വിജിലന്റ് ഗ്രൂപ്പുകളുടെയും വലതുപക്ഷ സംഘടനകളുടെ അംഗങ്ങളുടെയും ഇത്തരം ആക്രമണങ്ങൾ രാജ്യത്തെ ക്രിസ്ത്യൻ സമൂഹത്തിനെതിരെ വർധിക്കുന്നതെന്ന്

ഹർജിയിൽ പറയുന്നു. ആരാധനാലയങ്ങൾക്കും അവരുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾക്കും നേരെ നടത്തുന്ന ആക്രമണങ്ങൾ ഉൾപ്പെടെ അടിയന്തരവും ആവശ്യമായതുമായ നടപടികൾ കൈക്കൊള്ളുന്നതിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും മറ്റ് സംസ്ഥാന സംവിധാനങ്ങളും പരാജയമാണെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

സമർപ്പിച്ച ഹർജിയിൽ ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റീസ് പി.എസ്. നരസിംഹ, ജസ്റ്റീസ് ജെ.ബി. പർദിവാല എന്നിവരടങ്ങിയ സുപ്രീം കോടതി ബെഞ്ച് നേരത്തെ, ബീഹാർ, ഹരിയാന, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, ഒഡീഷ, കർണാടക, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ എട്ട് സംസ്ഥാനങ്ങളിൽ നിന്ന് പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് നിർദ്ദേശിച്ചിരുന്നു.

മധ്യപ്രദേശിലെ ഗോത്രവർഗ ആധിപത്യമുള്ള ഝബുവ ജില്ലയിലെ കത്തോലിക്കർക്ക് വിശുദ്ധവാരത്തിൽ തങ്ങളുടെ ആരാധനാലയങ്ങളിൽ പ്രാർത്ഥിക്കാൻ അനുവദിക്കില്ല എന്നുള്ള ഹിന്ദു തീവ്രവർഗീയ സംഘടനകളുടെ ഭീഷിണിമൂലം ജാബുവ രൂപത അധികൃതർ വിശുദ്ധവാരത്തിൽ പള്ളികൾക്കും വിശ്വാസികൾക്കും സംരക്ഷണം ആവശ്യപ്പെട്ട് ജില്ലാ പോലീസ് സൂപ്രണ്ടിന് മുമ്പാകെ മെമ്മോറാണ്ടം നൽകിയതിനെ തുടർന്ന് ജില്ലാ പോലീസ് മേധാവി എല്ലാ ക്രൈസ്തവ ദേവാലയങ്ങൾക്കും വിശ്വാസികൾക്കും സുരക്ഷാ ഉറപ്പാക്കിയതും അടുത്ത നാളുകളിലാണ് സംഭവിച്ചത്.

രാജ്യത്ത് ക്രൈസ്തവർ നേരിടുന്ന വെല്ലുവിളികൾ, പ്രത്യേകിച്ച് ഒഡീഷ, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ജാർഖണ്ഡ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നടക്കുന്ന ദൗർഭാഗ്യകരമായ അക്രമസംഭവങ്ങൾ, ക്രൈസ്തവവിരുദ്ധ അസഹിഷ്ണുതയും വർദ്ധിച്ചുവരുന്ന ആക്രമണങ്ങളും രേഖകളിൽ, സുപ്രീം കോടതി വരെ എത്തിനിൽക്കുന്ന ഈ പശ്ചാത്തലത്തിൽ പോലും, സർക്കാരിന്റെ ഉയർന്ന പദവിയിലിരിക്കുന്നവരുമായുള്ള നല്ല ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. നല്ല ബന്ധങ്ങളിലൂടെയും



സന്ധിസംഭാഷണങ്ങളിലൂടെയും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കും.

ന്യുനപക്ഷങ്ങളുടെ സമാന പ്രശ്നങ്ങൾ സാങ്കേതികമായ ഒന്നല്ല, മറിച്ച് സംഭാഷണത്തിലൂടെയും പരസ്പര ധാരണയിലൂടെയും പരിഹരിക്കേണ്ട സാമൂഹികരാഷ്ട്രീയ പ്രശ്നങ്ങളാണ്. ഏത് സംഭാഷണത്തിനും നല്ല ബന്ധങ്ങൾ ആവശ്യമാണ്. മതേതരത്വത്തിന്റെ വീക്ഷണത്തിൽ ക്രൈസ്തവരുമായിട്ടുള്ള ആ സംഭാഷണത്തിന്റെ ആദ്യപടിയായി പ്രധാനമന്ത്രിയുടെ സന്ദർശനത്തെ കാണുന്നതിൽ തെറ്റില്ല. ക്രിസ്ത്യാനികൾക്കെതിരെ ആക്രമണങ്ങൾ നടക്കുമ്പോൾ താഴേത്തട്ടിലുള്ള ക്രിസ്ത്യൻ വിരുദ്ധ ഗ്രൂപ്പുകൾക്ക് പ്രധാനമന്ത്രിയെപ്പോലെയുള്ള വലിയ നേതാക്കളുടെ സന്ദർശനങ്ങളും മീറ്റിംഗുകളും വ്യക്തമായ സന്ദേശങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കാം. മതന്യൂനപക്ഷങ്ങൾക്കെതിരെ, പ്രത്യേകിച്ച് ക്രൈസ്തവർക്കെതിരെ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയും ആക്രമണങ്ങളും നടക്കുന്ന ഈ സാഹചര്യത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ സേക്രഡ് ഹാർട്ട് കത്തീഡ്രൽ സന്ദർശനം ക്രിസ്ത്യാനികളുടെ ആത്മവിശ്വാസം ഉയർത്തുകയും സമൂഹത്തിൽ ഊഷ്മളമായ സൗഹാർദം ഉണ്ടാകുവാനിടയുണ്ടെന്ന് കരുതാം.

ഭാരതത്തിൽ മതന്യൂനപക്ഷങ്ങൾക്കുനേരെ പ്രത്യേകിച്ച് ക്രൈസ്തവർക്കെതിരെ മുകളിൽ പ്രതിപാദിച്ച അക്രമസംഭവങ്ങളും



പ്രതിഷേധറാലികളും ധർണ്ണയും മറ്റും ലോകമെമ്പാടുമുള്ള മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്. ഇതിലൂടെ ലോകരാഷ്ട്രങ്ങൾക്കു മുമ്പിൽ ഇന്ത്യയുടെ, പ്രതിച്ഛായ നഷ്ടപ്പെട്ടിരിക്കുകയാണെന്നു ഭരിക്കുന്നവർക്കറിയാം.

G-20-യുടെ ഇപ്പോഴത്തെ പ്രസിഡന്റ് ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയാണ്. 2023 സെപ്റ്റംബർ ആദ്യവാരത്തിൽ നടക്കുന്ന ഈ G-20 ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്. ഏറ്റവും ഉയർന്ന അന്താരാഷ്ട്ര സമ്മേളനമായിരിക്കും ഈ ഉച്ചകോടി എന്നതിൽ സംശയമില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഇന്ത്യയിലെ മതന്യുനപക്ഷങ്ങൾക്ക് അരക്ഷിതാവസ്ഥയില്ല എന്ന് ലോകജനതയെ വിശ്വസിപ്പിക്കേണ്ടത് രാജ്യം ഭരിക്കുന്ന ഭരണകർത്താക്കളുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതാണെന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. ഈ വ്യാഖ്യാനം യാഥാർഥ്യവൽക്കരിക്കേണ്ടത് അധികാരികളുടെ എല്ലാവരുടെയും കടമയാണ്.

വരാനിരിക്കുന്ന G-20 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ഈ ബഹുസ്വര രാഷ്ട്രത്തിലെ ക്രിസ്ത്യൻ വിരുദ്ധ നീക്കങ്ങളെ തുടർന്ന് ലോകരാഷ്ട്രങ്ങളുടെയിടയിൽ നഷ്ടപ്പെട്ട ഇന്ത്യയുടെ പ്രതിച്ഛായ വീണ്ടെടുക്കാൻ ന്യൂനപക്ഷങ്ങളെ കൂടുതൽ സുരക്ഷിതരാക്കുകയും ഇന്ത്യയുടെ പ്രതിച്ഛായ പ്രകാശിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതൊക്കെക്കൂടി കണക്കിലെടുത്താകണം പ്രധാനമന്ത്രിയുടെ ഈസ്റ്റർ സന്ദർശനത്തെ നാം വിലയിരുത്തേണ്ടത്.

ഭൂരിപക്ഷ ആധിപത്യമല്ല ജനാധിപത്യം, ന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യുന്നതുമല്ല. എല്ലാവരെയും ചേർത്തുനിർത്തുന്നതാകണം ജനാധിപത്യം. വൈവിധ്യങ്ങളെ ഉൾകൊള്ളുന്ന പ്രത്യയശാസ്ത്രത്തിന് മാത്രമേ ഇന്ത്യയെ ഭരിക്കാൻ കഴിയുകയുള്ളൂ. അതിനെയാണല്ലോ 'വസുദേവാ കുടുംബകം' എന്നുപറയുക. സ്വാഭാവികമായ മാറ്റങ്ങൾ ഭരണകർത്താക്കളുടെ ചില നിലപാടുകളിൽ ഉണ്ടാകില്ലെന്ന് തീർത്തു പറയുവാൻ കഴിയുകയില്ല. പ്രധാനമന്ത്രിയുടെ ഈ സന്ദർശനത്തെ അത്തരത്തിലുള്ള ഒരു ചുവടുവെയ്പ്പായി കാണാം.

ഈ അവസരത്തിൽ പഴയൊരുകാര്യം കുറിക്കുന്നു:. 2008 സെപ്റ്റംബറിൽ കർണാടകയിൽ ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കും പള്ളികൾക്കും നേരെ വലിയതോതിൽ ആക്രമണങ്ങൾ ക്രിസ്ത്യൻ വിരുദ്ധ ഗ്രൂപ്പുകളിൽ നിന്നുണ്ടായി. തദവസരത്തിൽ അന്നത്തെ കർണാടക മുഖ്യമന്ത്രിയായിരുന്ന ശ്രീ യെദിയൂരപ്പ ഒട്ടനവധി മാധ്യമപ്രവർത്തകരോടൊപ്പം അന്നത്തെ ബാംഗ്ളൂർ ആർച്ച്ബിഷപ്പ് ബെർണാഡ് മോറസിനെ സന്ദർശിക്കുകയുണ്ടായി. സന്ദർശന വേളയിൽ അക്ഷരാർത്ഥത്തിൽ വളരെ ദ്വേഷ്യപ്പെട്ടുകൊണ്ട് ആർച്ച്ബിഷപ്പ് പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്;

'നിങ്ങൾ ഞങ്ങളെ കാണാൻ വരികയും അരമന സന്ദർശിക്കുകയും ചെയ്തതിൽ സന്തോഷമുണ്ട്. പക്ഷെ, കർണാടക സംസ്ഥാനത്തെ മുഴുവൻ സഭ മുറിവേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. പരസ്യമായി ഞാൻ പറയുന്നു ഞങ്ങൾക്ക് ഒത്തിരി സങ്കടമുണ്ട്. നിങ്ങളുടെ ക്ഷേത്രങ്ങളാണ് ഇങ്ങനെ ആക്രമിക്കപ്പെട്ടിരുന്നെങ്കിൽ ഞങ്ങൾ ക്ഷമിച്ചതുപ്പോലെ നിങ്ങൾ നിശബ്ദമായി ഇരിക്കുമായിരുന്നോ?' മുഖ്യന്ത്രി ശ്രീ യെദിയൂരപ്പ അതിനു മറുപടി കൊടുത്തു ഉടനടി നടപടിയുണ്ടാകും. നിങ്ങൾക്ക് നീതി നടപ്പിലാക്കിത്തരും കുറ്റവാളികളെ പിടിക്കും. ആർച്ച്ബിഷപ്പ് മോറസ്സ് വളരെ ചങ്കൂറ്റത്തോടെ പറഞ്ഞ വാക്കുകൾ എത്ര ശക്തമായിരുന്നു.

## CIRCULAR 131/dated 1 April 2023
## Official Parish Phone Number

CIRCULAR

**മിശിഹായിൽ പ്രിയ വൈദികരെ,**

നമ്മുടെ ആശയവിനിമയങ്ങൾ ഭൂരിഭാഗവും ഇന്ന് സോഷ്യൽ മീഡിയായിലൂടെയാണ്. നമ്മുടെ ഇടവകയുടെയും നമ്മുടെ ഓരോരുത്തരുടെയും ഇന്നത്തെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവത്ത ഒന്നാണ് സോഷ്യൽ മീഡിയായുടെ ഉപയോഗം. അതിന് ധാരാളം നന്മകളും അതിന് തക്കതായ തിന്മകളും ഉണ്ട്. നമ്മുടെ പള്ളികളും വിശ്വാസികളും തമ്മിലുള്ള ഈ ആശയവിനിമയങ്ങൾക്ക് ഉപകാരപ്രദമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ ആഗ്രഹിക്കുന്നു.

**ഇടവകാതലം** : ഇന്നത്തെ കാലത്ത്, ഓരോ വ്യക്തിക്കും സ്ഥാപനത്തിനും അതുപോലെ ഇടവകകൾക്കും സ്വന്തമായ അഡ്രസ്സും ഐഡന്റിറ്റിയും ആവശ്യമാണ്. അതിന്റെ ഭാഗമാണ് സ്ഥിരമായ ഒരു ഇമെയിൽ അഡ്രസ്സും ഫോൺ നമ്പറും. പലപ്പോഴും വികാരി അച്ചന്റെ വ്യക്തിപരമായ ഫോൺ നമ്പറും ഇമെയിലും പള്ളിയുടെ ഫോൺ നമ്പറും ഇമെയിലും മാറി മാറി ഉപയോഗിക്കുന്നതുകൊണ്ട് ഒരു അച്ചൻ മാറി പോകുമ്പോൾ പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അതുകൊണ്ട് ഇടവകയ്ക്ക് സ്വന്തമായി ഒരു മൊബൈൽ ഫോൺ/ നമ്പർ വാങ്ങിക്കുക. ഇതിന്റെ ചെലവ് പള്ളിയിൽ നിന്നാണ് കൊടുക്കേണ്ടത്. ഇങ്ങനെ ഒരു ഫോൺ ഉണ്ടെങ്കിൽ അത് വളരെ അധികം കാര്യങ്ങൾക്ക് ഉപകാരപ്രദം ആണ്. ഇടവകയുടെ എല്ലാ ഡിജിറ്റൽ ട്രാൻസാക്ഷനുകളും ഇതുവഴി നടക്കും. ഇടവകയുടെ ബാങ്ക് അക്കൗണ്ടുകൾ, വണ്ടി ഉണ്ടെങ്കിൽ വണ്ടിയുടെ കാര്യങ്ങൾ, ഗ്യാസ് കണക്ഷൻ, ഇലക്ട്രിസിറ്റി കണക്ഷൻ ഇത്യാധി പ്രധാനപ്പെട്ട കാര്യങ്ങൾ എളുപ്പമാവും.

വ്യക്തിപരമായ ബാങ്ക് ഇടപാടുകൾ, ക്രെഡിറ്റ് കാർഡ്, ഫോൺ ബിൽ, ഗൂഗിൾ പേ എന്നിവ ഒരിക്കലും പൊതു ഫോണിൽ നിന്നും ചെയ്യാതിരിക്കുക.

ഇടവകയിലെ എല്ലാ അംഗങ്ങളുടെയും വിവരങ്ങൾ ഈ ഫോണിൽ ഉണ്ടാകണം. ഈ ഒഫീഷ്യൽ ഫോണിൽ നിന്ന് ആരെയും ഡിലീറ്റ് ചെയ്യാനോ ബ്ലോക്ക് ചെയ്യാനോ പാടില്ല. ഒരർത്ഥത്തിൽ ഇത് ഇടവകയുടെ പൊതു ടാറ്റബാങ്ക് ആണ്. എന്നാൽ ഇടവകകളിൽ നിന്നും മറ്റുസ്ഥലങ്ങളിലേക്ക് സ്ഥലംമാറി പോകുന്ന കുടുംബങ്ങളുടെ ഫോൺ നമ്പർ ഇടവകയുടെയും, കുടുംബയൂണിറ്റിന്റേയും Whatsapp ഗ്രൂപ്പിൽനിന്നും ഡിലീറ്റ് ചെയ്യേണ്ടതാണ്.

ഇത് കൂടാതെ വികാരിയച്ചന് വ്യക്തിപരമായി വേറെ ഫോൺ / നമ്പർ ഉണ്ടാകാവുന്നതാണ്. അത് ഒഫിഷ്യൽ കാര്യങ്ങൾക്കു ഉപയോഗിക്കാതിരിക്കുക. അതിന്റെ ചിലവും വ്യക്തിപരമായി തന്നെ വഹിക്കുക. ഒരു വികാരി അച്ചൻ മാറി അടുത്ത വികാരി അച്ചൻ വരുമ്പോൾ നമ്പർ പ്രശ്നം വരില്ല.

**വാട്സ്ആപ്പ് ഗ്രൂപ്പുകൾക്ക് പൊതുവായ ചില നിർദ്ദേശങ്ങൾ**.

1. വാട്സാപ്പ് (ഇടവകയുടെ പൊതുവായ ഗ്രൂപ്പ്) ഇടവകയുടെ ഫോണിൽ നിന്നും ക്രിയേറ്റ് ചെയ്യാനും മോണിറ്റർ ചെയ്യാനും സാധിക്കും. ഇടവകയുടെ ഈ പൊതു Whatsapp Group ഇടവകയുടെയും രൂപതയുടെയും അറിയിപ്പുകൾക്കായ് ഒരു നോട്ടിസ് ബോർഡ് പോലെ ഉപയോഗിക്കാം.
2. ഇതുപോലെ പാരിഷ് കൗൺസിലിൻറെ ഒരു ഗ്രൂപ്പും ഉണ്ടാക്കാവുന്നതാണ്.
3. വികാരി അച്ചനും കൊച്ചച്ചനും അഡ്മിൻ ആയിരിക്കും.
4. കൈക്കാരന്മാരെ അഡ്മിൻ ആക്കി നിയമിക്കുന്നത് അതാതു വികാരി അച്ചന്മാരുടെ തീരുമാനത്തിന് വിടുന്നു. ഇനി അഡ്മിൻ ആക്കിയാൽ അവരെ ഏത് സമയത്തും ആ സ്ഥാനത്തു നിന്നും നീക്കുവാൻ വികാരി അച്ചന് അവകാശം ഉണ്ടായിരിക്കും.
5. ഇടവകയുടെ പൊതുവായ ഗ്രൂപ്പുകൾക്ക് ഒരു

നിയമാവലി ഉണ്ടാക്കി അത് ഗ്രൂപ്പ് ഡിസ്ക്രിപ്ഷനിൽ പ്രദർശിപ്പിക്കുക.

6. ഇടവകയുടെ പൊതുവായ ഗ്രൂപ്പുകൾ Admin Only ആക്കുക. മറ്റു കമന്റുകളും പോസ്റ്റുകളും വ്യക്തിപരമായ ഗ്രൂപ്പുകളിൽ മാത്രമായി ചുരുക്കേണ്ടതാണ്.

**യൂണിറ്റ് തലം**

1. ഫാമിലിയുണിറ്റ് ഗ്രൂപ്പുകളും, ഇടവകയുമായി ബന്ധപ്പെട്ട എല്ലാ ഗ്രൂപ്പുകളും ക്രിയേറ്റ് ചെയ്യുന്നത് ഇടവകയുടെ പൊതുവായ നമ്പറിൽ നിന്നും ആയിരിക്കണം.
2. ഇടവകയുടെയും ഫാമിലി യൂണിറ്റിന്റെയും അറിയിപ്പുകൾക്കായ് ഒരു നോട്ടിസ് ബോർഡ് പോലെ അത് ഉപയോഗിക്കാം. മറ്റു ചർച്ചകൾ ഈ ഗ്രൂപ്പിൽ ഒഴിവാക്കുന്നതാണ് നല്ലത്. എന്നാൽ യൂണിറ്റിലെ അംഗങ്ങളുടെ ജന്മദിനം, വാർഷികം തുടങ്ങിയവ പ്രസിഡന്റിന് ചേർക്കാവുന്നതാണ്.
3. ഇടവകയുടെ ഫാമിലിയുണിറ്റ് ഗ്രൂപ്പുകൾ സംബന്ധിച്ച്, ഗ്രൂപ്പിൽ വരുന്ന മെസ്സേജുകൾ നമ്മുടെ വിശ്വാസത്തിനും, നമ്മുടെ ഇടവകയുടെ ഭദ്രതയ്ക്കും ഭംഗം വരുത്തുന്നതാകരുത്. അല്ല എന്ന് കണ്ടാൽ പൊതു നമ്പർ വഴി വികാരി അച്ചന് പ്രതികരിക്കാനും അത്തരം മെസ്സേജുകൾ നിർത്തലാക്കുവാനും അധികാരം ഉണ്ടായിരിക്കും.
4. യൂണിറ്റ് ഗ്രൂപ്പുകളിലും പൊതുവായ നിയമങ്ങൾ ഉണ്ടാക്കി ഡിസ്ക്രിപ്ഷനിൽ പ്രദർശിപ്പിക്കുന്നത് വളരെ നല്ലതായിരിക്കും.

**മറ്റു സോഷ്യൽ മീഡിയ തലങ്ങൾ**

1. പൊതുവായ ഫേസ്ബുക്ക്, യൂട്യൂബ് എന്നിവ ഉപയോഗിക്കുന്ന ഇടവകകൾ, അതിൽ എന്തെങ്കിലും പോസ്റ്റ് ചെയ്യുന്നതിന് മുൻപ് വികാരി അച്ചന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങുന്നത് ഉചിതമായിരിക്കും. വികാരിയുടെ അറിവോ സമ്മതമോ ഇല്ലാതെ ഒന്നും പോസ്റ്റ് ചെയ്യാതിരിക്കുന്നതാവും ഏറ്റവും നല്ലത്.
2. വികാരി അച്ചന്റെ അറിവോ സമ്മതമോ കൂടാതെ ഗ്രൂപ്പുകളിൽ ഒന്നും തന്നെ പോസ്റ്റ് ചെയ്യാൻ പാടുള്ളതല്ല.

ഇത്രയും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നത് നമ്മുടെ രൂപതയിലെ ഇടവകകളുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയും, മറ്റു പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടാവാതിരിക്കുന്നതിനും വേണ്ടിയാണ്. നാം എല്ലാവരും സോഷ്യൽ മീഡിയ വളരെ അധികം ഉപയോഗിക്കുന്നവരാണ്. ആ ഉപയോഗം നമ്മുടെ ഓരോരുത്തരുടെയും നമ്മുടെ ഇടവകകളുടെയും നന്മയ്ക്കും ഉന്നമനത്തിനും വേണ്ടി നമ്മുക്ക് ഉപയോഗിക്കാം. നമ്മുടെ സോഷ്യൽ മീഡിയ ഉപയോഗം നന്മയും ദൈവവചനവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും, മറ്റുള്ളവർക്ക് ഒരു മാതൃകയും ആയിതീരട്ടെ.

**Wishing you a fruitful Holy Week**

**മിശിഹായിൽ സ്നേഹപൂർവ്വം**
**Archbishop Kuriakose Bharanikulangara**


# KRISTURAJA RELIGIOUS STORE
## Diocese of Faridabad-Delhi

- For all Pious Articles, Liturgical Vestments (Syrian and Latin rites)
- Rosaries, Medals, Key Chains
- Chalices and Altar Items
- Statues and Crucifixes
- Photos and Frames of Saints
- Altar Candles
- Liturgical Books and Bible (Various Languages)

**CAR KIT**
Light rosary, Holy water and Crucifix
**SCHOOL BAG KIT**
Crucifix, Holy water, Patron Saints Photos
**EVERYTHING NEEDED FOR CHURCH AND SACRISTY**

Bishop's House, 1B/32 N.E.A., Old Rajinder Nagar, New Delhi – 110060 Contact: 011 25759160

# ഫരീദാബാദ് രൂപതയിൽ ക്രിസം മാസ് നടത്തി



ഏപ്രിൽ 3 തിങ്കളാഴ്ച ഫരീദാബാദ് രൂപതയുടെ ക്രിസം മാസ് ജസോള ഫാത്തിമ മാതാ ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണകുളങ്ങരയും സഹായമെത്രാൻ ബിഷപ്പ് ജോസ് പുത്തൻവീട്ടിലും തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. രൂപതയിലെ വൈദികർ, വൈദിക വിദ്യാർഥികൾ, സന്യസ്ത പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കൈകാരന്മാർ എന്നിവർ സന്നിഹിതരായിരുന്നു. ബിഷപ്പ് ജോസ് പുത്തൻവീട്ടിലിന്റെ ജന്മദിന ആഘോഷവും അന്നേദിവസം നടത്തപ്പെട്ടു. രൂപതയുടെ പുതിയ വികാരി ജനറാളായി ഫാ. ജോൺ ചോഴിത്തറയെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് രൂപത ചാൻസലർ വായിക്കുകയും ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങരയും ബിഷപ്പ് ജോസ് പുത്തൻവീട്ടിലും അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്തു.

## APPOINTMENTS / TRANSFERS

| Name | Designation | Parish/Institution | W.E.F |
|---|---|---|---|
| Rev. Fr. Mathew Thoomullil | Parish Priest | Kalkaji | 13.05.2023 |
| Rev. Fr. Martin Nalpathilchira | Priest-in-charge | Neb Sarai | 13.05.2023 |
| Rev. Fr. Jose Thannipara MST | Parish Priest | Greater Noida | 01.05.2023 |
| Rev. Fr. Tharun Cherukattuparambil | Secretary to the Archbishop | Bishop's House | 01.05.2023 |
| Rev. Fr. Ajeesh Palamattam | Mission Director | Rohdewala | 13.05.2023 |
| Rev. Fr. Jomon Vincent | Asst. Director | Sanjoepuram | 01.04.2023 |
| Rev. Fr. Arun Arackal | Asst. Director | Sanjoepuram | 01.04.2023 |
| Rev. Fr. Alwin Alukkal | Asst. Parish Priest | Cathedral | 13.05.2023 |
| Rev. Fr. Jake Mangattu | Asst. Parish Priest | Lado Sarai | 01.05.2023 |
| Rev. Fr. Shimon Cheenickal | Vice-Principal and Acting Administrator | St. Joseph's School Barnala | 01.05.2023 |
| Rev. Fr. Jomon Kappalumakkal | Residence at Jasola (Temporary) | | 01.05.2023 |
| Rev. Fr. Varghese Ithithara | Medical Leave | | |
| Rev. Fr. John Panthalipadan MST | Relieved | | |

# വൈദിക വിദ്യാർഥികൾക്ക് അവധിക്കാല പരിശീലന പരിപാടികൾ സംഘടിപ്പിച്ചു



ഫരീദാബാദ് രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ഫിലോസഫി, തിയോളജി പഠനം നടത്തുന്ന വൈദിക വിദ്യാർഥികൾ ഈ വർഷം അവരുടെ സമ്മർ വെക്കേഷൻ പ്രോഗ്രാമിന്റെ ഭാഗമായി രൂപതയിൽ ഒരു മാസം ചെലവഴിച്ചു. മാർച്ച് 22-ന് ഡൽഹിയിൽ എത്തിച്ചേർന്ന വൈദിക വിദ്യാർഥികൾക്കുവേണ്ടി Sanjoepuram ചിൽഡ്രൻസ് വില്ലേജിൽ വച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. അതോടൊപ്പം ഈ വർഷത്തെ വിശുദ്ധവാരത്തിൽ നമ്മുടെ വിവിധ ഇടവകകളിൽ വൈദികരെ സഹായിക്കുവാനും വിശുദ്ധവാര ശുശ്രൂഷയിൽ പങ്കെടുക്കുവാനും അവർ വളരെ സന്തോഷത്തോടെ കടന്നുവന്നു. ഇതിലൂടെ നമ്മുടെ ഇടവകകളുടെ രീതികൾ പഠിച്ചുകൊണ്ട് ഭാവി പുരോഹിതരാകാൻ പോകുന്ന നമ്മുടെ വൈദിക വിദ്യാർഥികൾ പരിശീലനത്തിൽ ഒരു പടി കൂടി മുന്നോട്ടു നടക്കുന്നു. ഒരു മാസത്തെ പരിപാടികൾക്ക് ശേഷം ഏപ്രിൽ 15-ന് അവർ സ്വഭവനങ്ങളിലേക്ക് മടങ്ങി.



# WELCOME!

Rev. Fr. Ousephachan Mathalikunnel is appointed as the Chief Editor of the diocesan bulletin, Santhome Messenger. The team of Santhome Messenger cordially welcomes Fr. Ousephachan and wish him very success.

LEAD STORY

# വ്യക്തികളുടെ പ്രസ്താവനകൊണ്ടോ രാഷ്ട്രീയ പാർട്ടികളുടെ സന്ദർശനങ്ങൾകൊണ്ടോ പ്രബുദ്ധ കേരളത്തിന്റെ സമ്മതിദാനാവകാശത്തെ സ്വാധീനിക്കാൻ സാധിക്കില്ല

**ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര**



**ന്യൂഡൽഹി:** രാഷ്ട്രപതിയുമായി നടത്തിയ കൂടിക്കാഴ്ചയിലും ചർച്ചയിലും രാഷ്ട്രീയവുമില്ല, മതത്തെ വോട്ട് ബാങ്ക് രാഷ്ട്രീയവുമായി ബന്ധിപ്പിക്കുന്ന ആലോചനകളും നടന്നിട്ടില്ലെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

രാജ്യതലസ്ഥാനമായ ഡൽഹിയിലെ ജന്തർ മന്തറിൽ 2023 ഫെബ്രുവരി 19-നു ആയിരങ്ങൾ പങ്കെടുത്ത വൻപ്രതിഷേധ ധർണ്ണ നടത്തുകയും താനുൾപ്പെടെ വിവിധ മതമേലധ്യക്ഷന്മാർകൂടി രാഷ്ട്രപതി, പ്രധാനമന്ത്രി, ലോകസഭ സ്പീക്കർ, ചീഫ് ജസ്റ്റീസ് ഓഫ് ഇന്ത്യ തുടങ്ങിയ ഭരണകർത്താക്കൾക്ക് മെമ്മോറാണ്ടം നൽകിയിരുന്നു. ഇതിന്റെ തുടർച്ചയെന്നോണമാണ് രാഷ്ട്രപതി ദ്രൗപതി മുർമു ക്രൈസ്തവസഭകളിലെ വിവിധ മേലധ്യക്ഷന്മാരെ ചർച്ചയ്ക്കായി മാർച്ച് 13-നു ക്ഷണിച്ചത്. ഈ അർത്ഥത്തിൽ ഈ സന്ദർശനത്തിന്റെ വിഷയം ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന ക്രിസ്തീയ ന്യൂനപക്ഷ ആക്രമണങ്ങളായിരുന്നു. ക്രൈസ്തവരുടെ ആശങ്ക രാഷ്ട്രപതിയെ അറിയിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ കഴിയും വിധം പരിഹാരം കാണാൻ ശ്രമിക്കുമെന്നും രാഷ്ട്രപതി പറഞ്ഞതായി ഇതേപ്പറ്റിയുള്ള പത്രക്കാരുടെ ചോദ്യങ്ങൾക്കു മറുപടിയായി ആർച്ച്ബിഷപ്പ് ഭരണികുളങ്ങര പറഞ്ഞു. ഡൽഹി ആർച്ച്ബിഷപ്പ് അനിൽ കൂട്ടോയുടെ നേതൃത്വത്തിലാണ് പ്രതിനിധി സംഘം രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തിയത്.


കേരളത്തിൽ ബിഷപ്പുമാരുമായുള്ള ബി.ജെ.പി

നേതാക്കളുടെ കൂടിക്കാഴ്ചകൾ സംസ്ഥാനത്ത് രാഷ്ട്രീയ സ്വാധീനമുണ്ടാക്കാൻ സാധ്യതയില്ലെന്ന് ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര അഭിപ്രായപ്പെട്ടു.  സാക്ഷരതയിൽ വളരെ ഉയർന്നു നിൽക്കുന്ന പ്രബുദ്ധ കേരളത്തിന്റെ സമ്മതിദാന അവകാശത്തെ ഇത്തരം ഒരു സന്ദർശനമോ പ്രസ്താവനയോ സ്വാധീനിക്കുമെന്നു തോന്നുന്നില്ല. കേരളീയരുടെ രാഷ്ട്രീയ നിലപാട് പെട്ടെന്ന് മാറുന്നതല്ലെന്നും ആർച്ച്ബിഷപ്പ്  പറഞ്ഞു.

ന്യൂനപക്ഷങ്ങൾ നേരിടേണ്ടിവരുന്ന ആക്രമണങ്ങളുടെ പേരിൽ രാഷ്ട്രീയപരമായി നിഷേധാത്മകമായ സമീപനങ്ങൾ അല്ല മറിച്ച് തുറന്ന സംവാദമാണ് ആവശ്യമെന്ന് ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര സൂചിപ്പിച്ചു. ന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ച് ക്രൈസ്തവസമൂഹം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആക്രമണങ്ങൾ നേരിടുന്നുവെന്നും അവ പലപ്പോഴും സംഘടിതമായിട്ടുള്ളവയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത്തരത്തിലുള്ള ആക്രമണങ്ങൾ തീർത്തും അപലപനീയമാണ്. ഇപ്പോൾ ഭരിക്കുന്ന പാർട്ടി രണ്ടാം ഊഴം പൂർത്തിയാക്കി മൂന്നാം ഊഴത്തിനായി ഒരുങ്ങുമ്പോൾ  ഇത്തരം ആക്രമണങ്ങൾക്കെതിരെ  ആശയപരമായ സംവാദങ്ങളിലൂടെ പരിഹാരം കണ്ടെത്തണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഈസ്റ്റർ ദിനത്തിലെ ഗോൾഡെഘാന ദേവാലയത്തിലെ സന്ദർശനം രാഷ്ട്രീയവൽക്കരിക്കുമ്പോൾ മാത്രമാണ് അതിന് മറ്റൊരു നിറം കൈവരുന്നത് എന്നും അദ്ദേഹം പറഞ്ഞു.

ഭരണസംവിധാനത്തോട്  നല്ല ബന്ധം തുടരാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തിയത്.  പ്രധാനമന്ത്രിയെ നേരിൽ കാണാൻ ശ്രമിക്കുന്നുണ്ടെന്നും പ്രധാനമന്ത്രിയുടെ സന്ദർശനത്തെ പോസിറ്റീവ് ആയി കാണുമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

കേരളത്തിലെ രാഷ്ട്രീയ സാഹചര്യം അല്ല പുറത്ത്.  മറ്റു സംസ്ഥാനങ്ങളിലെ സാഹചര്യം അടിസ്ഥാനമാക്കി കേരളത്തിലെ നീക്കങ്ങളെ



***സാക്ഷരതയിൽ വളരെ ഉയർന്നു നിൽക്കുന്ന പ്രബുദ്ധ കേരളത്തിന്റെ സമ്മതിദാനാവകാശത്തെ ഇത്തരം ഒരു സന്ദർശനമോ പ്രസ്താവനയോ സ്വാധീനിക്കുമെന്നു തോന്നുന്നില്ല. കേരളീയരുടെ രാഷ്ട്രീയ നിലപാട് പെട്ടെന്ന് മാറുന്നതല്ലെന്നും ആർച്ച്ബിഷപ്പ്  പറഞ്ഞു.***

വിലയിരുത്താനാകില്ല.  കേരളത്തിലെ നീക്കങ്ങൾ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കൂടിയാണ്.  എന്നാൽ കേരളത്തിനുപുറത്ത് മറ്റു സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കെതിരെ നടക്കുന്ന  ആക്രമണങ്ങളും  മറ്റും വിലയിരുത്താൻ കേരളജനത വിവേകമുള്ളവരാണ്.

അതേസമയം സഭ നേതൃത്വത്തിന്റെയോ വക്താക്കളുടെയോ രാഷ്ട്രീയപരമായ സമീപനങ്ങൾ സഭാ വിശ്വാസികളെ ഏതെങ്കിലും പാർട്ടിയോട് കൂടുതൽ അടുപ്പിക്കുകയോ അകൽച്ചയുണ്ടാക്കുകയോ ചെയ്യുകയില്ല എന്നും, കേരളജനത പ്രബുദ്ധരാണെന്നും ഏതെങ്കിലും പ്രസ്താവനയുടെയോ പ്രസംഗത്തിന്റെയോ പേരിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിക്ക് വോട്ട് ചെയുന്നവരല്ല സഭാ വിശ്വാസികൾ എന്നും ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണിക്കുളങ്ങര പറഞ്ഞു.

# SR. FIDELIS' TENDER DEVOTION TO MOTHER MARY





Fr. Edwin Rodrigues SJ

Doctor gives pills, but only God heals the patient. Dr. Sr. Fidelis SD knew this very well. She was a highly capable and competent doctor, who had secured both her Bachelors and Masters Degree in Medicine from the United States. Along with her professional competence, she carried the fire of faith within her. All those who had known Sr. Fidelis have borne testimony to her burning devotion to Mother Mary. Not only sisters, but also her fellow Doctors have witnessed miraculous healings taking place in the operation theatres because of Sr. Fidelis' prayer through the intercession of Mother Mary. Sr. Fidelis was very fond of the prayer 'Memorare'. She prayed this prayer in the operation theatre and delivery room, which had a soothing and healing effect on her patients.

Family is the best school of prayer. Sr. Fidelis learnt her loving devotion to Mother Mary from her father, Joseph Thaliath, who would daily recite Rosary with stretched hands. Sr. Fidelis followed the example of her father and went even further. She did not keep her Marian devotion limited to herself. She spread this tender devotion wherever she went. She used to organize a weekly Rosary procession with staff nurses in and around Jivodaya hospital. She was not ashamed or afraid of expressing her love for Mother Mary and proclaiming it before the patients and relatives. Many of those who travelled with her testify that she always started her journey with the Rosary, interspersed with Marian hymns.

The love for Blessed Mother planted in her heart in her family flourished and flowered when Sr. Fidelis encountered a great tragedy in her life. It was during the untimely death of her only SD companion, Sr. Christella in the foreign land of USA that Sr. Fidelis experienced the motherly accompaniment of Mary in a very special way. After Sr. Christella was taken away from her, Jesus gave her his Mother as her constant companion, with whom she developed an eternal relationship. In her moments of loneliness in USA

Sr. Fidelis could feel the tangible presence of Blessed Mother consoling her and saying to her, "I am with you and I will be with you." From that moment, Mother Mary became her best friend. Sr. Fidelis spent hours conversing with her and pouring out her heart before her.

Genuine love cannot remain hidden. Sr. Fidelis' love for Mary was communicated to all those who came in contact with her. Sr. Bastin, the former Superior General of SD testifies, "I had noticed the picture of Mother Mary on every cradle in the nursery of new born babies at Jivodaya Hospital and came to know from Sr. Fidelis that every new-born is entrusted to the care of Blessed Mother. Her deep faith and trust in Mother Mary is remarkable."

God had blessed Sr. Fidelis with a special grace. The unique gift Sr. Fidelis possessed was her prayer of intercession on behalf of the childless couples. She had a beautiful modus operandi. Whenever distressed childless couples approached Sr. Fidelis, who was known for her holiness and life of prayer, they were brought before the Blessed Sacrament and Mother Mary. She prayed with them and encouraged them to pray with faith. A picture of Mary Help of Christians with a prayer written behind it was given to them. Even non-Christian couples have given testimonies of receiving children through the intercession of Sr. Fidelis, who would always attribute the miracles to Blessed Mother.

Now Sr. Fidelis is in heaven, closely and deeply in company with her best friend and endearing Mother. She is in a better position to intercede for us now. Let us take this opportunity and pray through her intercession, especially for the childless couples, and make her powerful intercession known to the distressed couples around us.

# *Condolences & Prayers*



**His Grace Mar Joseph Powathil**

**Third Archbishop (Emeritus) of Changanacherry**

**Born on: 14.08.1930**
**Died on: 18.03.2023**
**Priestly Ordination – 03.10.1962**
**Episcopal Ordination – 13.02.1972**

# Infant Jesus School, Dwarka





IFJS DWARKA

**Farewell:** Bidding adieu is never easy. The Principal and staff members of Infant Jesus School bid farewell to seven of its precious members. Bro. Martin, Bro. Albert P. Thomas, Sr. Navya Grace, Mr. Lalit Kumar, Ms. Arpita Nair, Ms. Cimy Alex and Ms. Axeena Reji. On behalf of the entire staff, a few representative members expressed their heartfelt feelings and sentiments for each one of them and wished them well for their future endeavors.

The Principal, Fr. Davis Kalliyathuparambil conveyed his sincere good wishes and thanked them individually for their contributions and dedicated service for the school. Along with the Vice Principal Dr. Vini Mathew, Rev. Fr. Arun and the Principal Rev. Fr. Davis, presented bouquets, cards and mementos as a token of love. It was an emotional moment for all.

**Parent Teachers Meeting:** The Parent Teachers meeting for all classes were arranged on different dates in the month of March 2023. Parents were apprised of the academic progress and promotion of their wards to the next classes. Both parents and teachers interacted and spoke about the emotional needs and methods of bridging competency gape of children. Books and uniforms were made available for the convenience of parents to begin the new Academic Session on April 3rd 2023. At Infant Jesus School, we believe in strengthening the bond between parents and teachers to bring the best in the students' performance. The Principal, Rev. Fr. Davis Kalliyathuparambil thanked every teacher for the smooth conducting the PTM of the session 2022-23.

**Construction of the Second Floor:** 31st March 2023, was a significant day for Infant Jesus School, Dwarka. His Grace Archbishop Kuriakose Bharanikulangara along with the Chancellor Rev. Dr. Fr. Mathew John, The Procurator Rev. Fr. Babu Anithanam visited the school in the early hours for the auspicious groundbreaking ceremony.

The ceremony commenced with a prayer service comprising of hymns, intercessory prayers, reading from the Holy Bible and the most holy blessings of the Archbishop. His Grace Archbishop Kuriakose Congratulated the Director Rev. Fr. Jomy Vazhakkalayil, the Principal Rev. Fr. Davis Kalliyathuparambil, the staff members and each and everyone involved in the overall development of the school. His Grace Archbishop Kuriakose, Rev. Fathers, Rev. Sisters, Brothers, Contractor and his team and staff members then proceeded to the site, singing hymns. The first brick was blessed and laid to begin the construction of the 2nd floor of the school building. It was indeed a very auspicious and joyous moments to cherish for all of us at IJS (Infant Jesus School).

# Report of Punjabi Language Course






**Dn. Aloysius Antony Ambakkadu**

**Introduction:** Ever since the erection of the Diocese of Faridabad – Delhi Diocese, back in 2012, missionary evangelization has been one of the thrust areas. The *Ad Gentes* mission has been a priority and dream for both Archbishop Kuriakose Bharanikulangara and Bishop Jose Puthenveetil. Thus, due to many efficient initiatives the Punjab Mission has been thriving and growing ever since. One such initiative has been to make the missionaries working in Punjab adept with Punjabi language and culture. The diocese comprehends the role native language plays in the field of evangelization. Hence, it makes it a point that the missionaries in Punjab are given a foundational language course that will aid them in their missionary endevours. Like every year Prachodana Mission Animation Center, Ludhiana under the auspices of the Diocese of Faridabad – Delhi organized the Punjabi Language Course at Prachodana Mission Animation Center, Ludhiana. The month long course was scheduled from March 1 2023 to April 2 2023. A total of 15 people including 5 priests, 8 deacons and 2 religious sisters took part in the course

The Punjabi Language course was inaugurated On 28th February 2023 with the Holy Mass at Marymatha Catholic Church, Ludhiana. His Grace Archbishop Kuriakose along with Bishop Jose, Fr. Joseph Mathalikunnel, the parish priest, Fr. Tinu Plathottathil ISch and Fr. Sebi Parayil offered the Holy Mass invoking the Almighty's grace. After the Holy Mass, a formal inauguration ceremony was held in the parish in the presence of the parishnors. Archbishop Kuriakose drawing insight from his vast missionary experience in Africa and his diplomatic services inspired all and spoke about the importance of learning a language.

The one month language course was indeed learning and growing experience for all. Since



majority of the students/participants were new to the language, the classes started with the basics – the A B C D or *ooda, aada* and *eede* of Punjabi. The teacher was a professional local Punjabi teacher and thus it helped to learn the correct pronunciations, dictions, grammar and nuances of the language authentically. Various teaching methods, activities, workshops, etc. were employed so as to reach the maximum proficiency in the language in the stipulated time available. The activities tried to focus and enhance the reading, writing and speaking skills. We are in great debt to the teacher, Mrs. Kawaljeet Kaur, for all the painstaking efforts she took to help us grow and develop our Punjabi.

The Punjabi course not only introduced us to the Punjabi language, but also to the Punjab mission and the missionary zeal necessary to be a true missionary. On March 18th, Rev. Fr. George Edayal and on 1st April, Fr. Roby Kolenchery out of shared their rich mission experiences with us. They opened up about the challenges and difficulties they faced over the years and how they overcame those hurdles, the general scenario of the Punjab, the promising and fertile land of Punjab for evangelization, the changing political scenario etc. Their valuable insights helped all of us to envisage our future lives in Punjab.

We were indeed blessed to have His Grace Archbishop Joseph Pamplany, Archbishop of Thalassery and His Excellency Bishop Peter Kochupurackal, Bishop of Palghat, pays us a visit. Bishop Peter Kochupurackal blessed us with his presence on 29th March. On 31st March Archbishop Joseph Pamplany graced us with his presence. The Bishops were gracious enough to interact with us. They inspired upcoming missionaries like us by sharing their life experiences, vocation stories etc and reminded us to stay true to the missionary mandate that Christ has given.

The language course at Prachodana also gave us enough opportunities to grow in the pastoral field too. Being in close proximity and collaboration with Marymatha Catholic Church, Ludhiana, all of us got various occasions to get involved with the parish activities: The priests offered Holy Mass for the parishnors, the deacons got the opportunity to deliver a short sermon during the Holy Mass every day and lead the Way of the Cross, the Sisters too, joined in leading the Way of the Cross and




helping in other parish activities. There were also occasions to participate and assist in Punjabi Syro Malabar Mass every Thursday and Punjabi Rosary during the last 10 days. The casual interactions with the parishioners also helped us in molding our perspectives of our priestly ministry. We would thank all the parishioners who unanimously supported and helped us during this one month in various capacities. Their generosity and concern for each of us is admirable.

The month long language course came along with short trips and tours for relaxation and recreation. The parish organized a pilgrimage to the Basilica of Our Lady of Graces, Sardhana on the 12th of March. A few of us joined in this pilgrimage. It was a blessed experience for us all. On 20th March, one day tour to Barnala was organized. Rev Fr. Biju Kannampuzha and the community welcomed us wholeheartedly. We warmed up ourselves by playing volleyball and cricket. We thank Fr. Biju and the entire Barnala community for being a beautiful host. On our way back to Ludhiana, we visited Sacred Heart School, BRS Nagar. Mrs. Kawaljeet Kaur invited all of us to her house on the 22nd of March. The family's warm reception was indeed marvelous. The trips and tours are few and far in between gave us the necessary respite for rejuvenating ourselves.

On 2nd April, after the Holy Mass celebrated by Bp. Jose Puthenveetil, a concluding ceremony was organized. Bishop Jose gave away the memento to Mrs. Kawaljeet Kaur as a token of gratitude for her dedicated service. He also gave away Punjabi Bible and gifts to all the students of the course. All the participants of the course were given a course completion certificate by Archbishop Kuriakose on 3rd April at Our Lady of Fatima Forane Church, Jasola, after the Chrism Mass.

**Conclusion:** The Punjabi language course was indeed a wonderful experience for all. We all grew in different ways. Though the course was meant to be a basic language course that formed us in varied ways. While it did accomplish its purpose to introduce us to the Punjabi language and culture but it also helped us become better missionaries, better priests by providing us with enough and more opportunities to grow and learn each and every day. We thank and applaud all who have worked tirelessly to make our experience fruitful.

# Sanjoepuram Tidings March & April 2023



SANJOEPURAM

**Holy Week Observance:** Holy Week was observed solemnly in Sanjoepuram beginning with the solemn procession with palm leaves from the school to the HRDC chapel. During the Maundy Thursday, Rev. Fr. Nobi Kalachira washed the feet of 12 disciples. Everyone wished the priests the wishes of the day. All spent the day in adoration before the Blessed Sacrament. In the evening Rev. Fr. Nobi cut the bread and gave to everyone present. After the passion services, in the evening of Good Friday, all participated with devotion in the solemn way of the cross. New water and fire were blessed on the following day, renewing the vows taken at baptism. Easter celebrations spread the joy and peace of the Risen Christ in the Sanjoepuram complex. Rev. Fr. Biju Panachikal CMI joined us for the Easter celebrations and solemn Holy Mass.

**Summer Camp:** The Major seminarians of Faridabad Diocese gathered at Sanjopuram for their summer camp. It was a time of joy for all the seminarians as they gathered here for prayer, class work and other activities of Sanjoepuram. All enjoyed their stay and went back to their own respective places.

**Visit of the Shepherds:** Mar. Kuriakose Baranikulangara and Mar. Jose Puthenveetil visited all the conventsin Sanjopuram. They met all the members in common and blessed everyone with their valuable presence and prayers.



# ഇടവക വൈദികർ അല്മായ വീക്ഷണത്തിൽ



എമിലിൻ ജോൺ

ക്രിസ്തു തന്റെ അപ്പസ്തോലന്മാരെ ഭരമേല്പിച്ച ദൗത്യം യുഗാന്ത്യത്തോളം സഭിൽ നിർവ്വഹിക്കപ്പെടുന്നത് തിരുപ്പട്ട കൂദാശയിലൂടെയാണ്. തിരുപ്പട്ട കൂദാശ സ്വീകരിക്കുന്നവർ, ക്രിസ്തുവിന്റെ നാമത്തിൽ വചനവും കൃപയും കൊണ്ട് സഭയെ മേയ്ക്കുന്നതിന് പ്രതിഷ്ഠിക്കപ്പെടുന്നു. ഈ പൗരോഹിത്യം ഒരു യഥാർത്ഥ ശുശ്രൂഷയാണ്. മനുഷ്യ നന്മയ്ക്കും, സഭാ സമൂഹത്തിനും വേണ്ടിയാണ് അത് സ്ഥാപിതമായിരിക്കുന്നത്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിൽ പൗരോഹിത്യത്തെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഒരു പുരോഹിതൻ ആരാണ്, എന്തായിരിക്കണം, ഒരു പുരോഹിതന്റെ ദൗത്യം എന്ത്? പൗരോഹിത്യ ശുശ്രൂഷ എങ്ങനെയുള്ളതായിരിക്കണം. ആർക്കുവേണ്ടിയുള്ളതായിരിക്കണം. പ്രത്യേകിച്ചും, ഇടവക വൈദികർ അല്മായരുടെ വീക്ഷണത്തിൽ എങ്ങനെയുള്ളവരായിരിക്കണം.

കാലിത്തൊഴുത്തിൽ ജന്മമെടുത്ത് പാവങ്ങളെ കൂട്ടുപിടിച്ച് നോവുമാത്മാക്കളെത്തേടി അലഞ്ഞ് അമ്പേറ്റു പിടഞ്ഞ മാടപ്രാവിനെപ്പോലെ രക്തംചിന്തി മരിച്ച ദൈവപുത്രന്റെ മുന്തിരിത്തോട്ടത്തിലെ ജോലി ഒരു ഉപാസനയായി ഏറ്റെടുത്ത് തന്നെത്തന്നെ ബലിയർപ്പിക്കുന്നവനാണ് ഒരു യഥാർത്ഥ പുരോഹിതൻ. അനന്തവിഹായസിൽ നിന്നു വീണുകിട്ടിയ മന്നപോലെ അന്ധകാരത്തിൽ അനശ്വരതയുടെ ദീപനാളമായും മനുഷ്യമനസ്സിൽ അന്തർലീനമായിരിക്കുന്ന ഈശ്വര ഭക്തിയെ തൊട്ടുണർത്താൻ കഴിവുള്ളവനായിരിക്കണം ഒരു പുരോഹിതൻ.

ഈശോ ആണ് ഏക പുരോഹിതൻ. ദൈവജനത്തെ അറിയുന്ന ഇടയനാണ് പുരോഹിതൻ. നല്ല ഇടയനായ ഈശോയെപ്പോലെ തങ്ങളെ ഭരമേല്പ്പിച്ചിരിക്കുന്ന അജഗണത്തിന്റെ വിശ്വാസത്തിനും, ആത്മീയമായ ഉന്നമനത്തിനുമായി വിശ്രമമില്ലാതെ, അദ്ധ്വാനിക്കുന്നവരാണ് അവർ. വഴിതെറ്റുന്നവരെ അന്വേഷിച്ചു കണ്ടെത്തി തിരിച്ചു കൊണ്ടുവരാൻ അവർക്കു കടമയുണ്ട്.

സ്വന്തം ജീവിതം ബലിയർപ്പിക്കുക എന്നതാണ് പൗരോഹിത്യ ജീവിതത്തിലെ പരമോന്നതമായ പ്രേഷിതപ്രവർത്തനം. പരിശുദ്ധാത്മാവിന്റെ ആലയമായ സഭയെ ഈ ലോകത്തിൽ നിരന്തരം പടുത്തുയർത്തുക എന്നതാണ് പുരോഹിതരുടെ അടിസ്ഥാന ദൗത്യം. ആദ്ധ്യാത്മികതയും, ഭൗതികതയും, ഒന്നിച്ചിണക്കി തന്റെ വിശ്വാസികളെ സമൃദ്ധിയിലേക്ക് നയിക്കുന്നതിൽ ഒരു പുരോഹിതൻ എന്നും വിജയിച്ചിരിക്കണം. സേവനം പൗരോഹിത്യത്തിന്റെ മുഖ മുദ്രയാണ്. വാക്കുകൾ സങ്കീർത്തനം പോലെ മനോഹരമായിരിക്കണം. ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചയിൽ ഒരു പുരോ

ARTICLE

ഹിതൻ സദാ ജാഗരൂകനായിരിക്കണം. ഇടവകയിൽ കൂട്ടായ്മ വർദ്ധിപ്പിക്കുവാനും, കൗദാശിക ജീവിതം മെച്ചപ്പെടുത്തുവാനും എന്നും മുൻകൈ എടുക്കണം. തന്റെ ഇടവകയുടെ അഭ്യുന്നതി തന്റെ തന്നെ അഭ്യുന്നതിയായി കരുതണം.

നദീജലം ഒഴുകുന്നതും, മേഘം മഴ തരുന്നതും വൃക്ഷം ഫലം തരുന്നതും പശു പാൽ ചുരത്തുന്നതും അന്യർക്കുവേണ്ടിയാണ്. അതുപോലെ ഒരു വൈദികന്റെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ (തന്റെ ഇടവകയുടെ) നന്മയ്ക്കുവേണ്ടിയാവണം. കളങ്കലേശം കൂടാതെ എല്ലാ കാര്യങ്ങളും മനസ്സിലാക്കി മറ്റുള്ളവരുടെ പുരോഗതിയിൽ ആത്മാർത്ഥമായി സന്തോഷിക്കുന്ന ആളായിരിക്കണം പുരോഹിതൻ.

വെള്ളത്തിലെ കുമിളപോലെയും, വയലിലെ പുൽക്കൊടിപോലെയും ഉള്ള നിസ്സാര മനുഷ്യ ജീവിതത്തിൽ വാശിയും വൈരാഗ്യവും വെടിഞ്ഞ് യേശുദേവന്റെ സ്നേഹത്തിന്റെ പാത പിൻതുടർന്ന്, വിശ്വാസ ജീവിതത്തിലേക്ക് കടന്നു വരുവാൻ തന്റെ അജഗണങ്ങളെ ആഹ്വാനം ചെയ്യുക എന്നത് ഓരോ വൈദികന്റെയും കടമയും, കർത്തവ്യവുമാണ്.

സുന്ദരമായ സംഭാഷണ ശൈലി, സ്ഥിര പരിശ്രമം, ആരുടെയും മുന്നിൽ തലകുനിക്കാത്ത വ്യക്തിത്വം, നിർഭയത്വം, ശത്രുക്കൾക്കു പോലും സ്വഭാവദൂഷ്യം ആരോപിക്കാൻ സാധിക്കാത്ത വിശുദ്ധി, യേശുവിലുള്ള അടിയുറച്ച വിശ്വാസം, ആത്മീയത ഉൾക്കൊള്ളുന്ന പ്രസംഗം, അൾത്താരയിലെ ഭക്തിനിർഭരമായ ബലിയർപ്പണം ഇവയെല്ലാം ഒരു വൈദികന്റെ പ്രത്യേകതകളാണ്.

ഈ പുതുയുഗത്തിൽ ഇടവക ശുശ്രൂഷ എന്നുള്ളത് ഒരു കഠിനമായ കർമ്മം തന്നെയാണ്. അവിടെ പല കാര്യങ്ങളും ചെയ്യാനും, ചെയ്യിപ്പിക്കാനും കാണും. അതിനെതിരായി പല ഇത്തിക്കണ്ണികളും തടസ്സമായി നിലകൊണ്ടെന്നിരിക്കും. സമൂഹത്തിലെ (ഇടവകയിലെ) ചില ദുർബുദ്ധികൾ പുഷ്പസമൃദ്ധമായ ഉദ്യാനത്തിൽ ചെന്നാലും മുൾച്ചെടിത്തേടി അലയുന്ന ഒട്ടകത്തെപ്പോലെയാണ്. എങ്കിലും കലപ്പയിൽ കൈ കൊടുത്താൽ തിരിഞ്ഞുനോക്കരുതെന്നു നിർബന്ധമുള്ള ആളായിരിക്കണം ഇടവക വൈദികൻ. ഇടവകയുടെ ഉന്നമനത്തിനു വേണ്ടി പല നല്ല കാര്യങ്ങളും ചെയ്യേണ്ടിവരുന്ന അവസരത്തിൽ അഭിപ്രായ ഭിന്നതകൾ ധാരാളം നേരിടേണ്ടി വരും. ഒരു വൈദികനെ സംബന്ധിച്ചിടത്തോളം ഇതൊന്നും തടസ്സമാകാതെ യുദ്ധത്തിനൊരുങ്ങിയ യോദ്ധാവിനെപ്പോലെ സത്യത്തിലും, നീതിയിലും അടിയുറച്ചു നിന്നുകൊണ്ട് മുന്നോട്ടു പോയാൽ ദൈവകൃപയാൽ അവസാനം എല്ലാം നല്ലതിൽ മാത്രമേ പരിണമിക്കുകയുള്ളൂ. എല്ലാ പ്രതിബന്ധങ്ങളെയും ആട്ടിയകറ്റി വിശ്വാസത്തിലേക്ക് ആയിരമായിരം താമരമൊട്ടുകളെ വിരിയിക്കുവാൻ ഓരോ വൈദികനും സാധിക്കണം.

തന്റെ അജഗണത്തിന് പാടുപെട്ട് മുന്തിരിച്ചാറൊരുക്കിയ യേശുദേവന് ദാഹശമനത്തിനായി ഒരു തുള്ളി കയ്പുനീരാണ് അവസാനം ലഭിച്ചത്. സമൂഹ നന്മയ്ക്കു വേണ്ടി പോരാടുന്ന ഏതൊരു വൈദികന്റെയും, വ്യക്തിയുടെയും അനുഭവവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. യഥാർത്ഥ വിശ്വാസികളുടെ മുമ്പിൽ മലയും മാറിപ്പോകും എന്ന വേദപുസ്തക സന്ദേശം അന്വർത്ഥമാക്കാൻ ഓരോ വൈദികനും സാധിക്കണം.

ആഴത്തിലേക്കു നീങ്ങി മീൻ പിടിക്കാൻ നിന്റെ വലയിറക്കുക എന്ന് ശിമയോനോടും, കൂട്ടുകാരോടും അരുളിചെയ്ത ദിവ്യഗുരു, തിരുനാഥന്റെ തിരുഹിതത്തിനു സർവ്വം സമർപ്പിച്ച് ആഴത്തിൽ വലയിറക്കിയ ശിഷ്യന്മാർ, വലകീറിപ്പോകുമാറ് ലഭിച്ച മത്സ്യകൃഷി (ലൂക്ക 5:4-7). ഈ സുവിശേഷത്തിന്റെ സവിശേഷമായ അനുകരണനമായും, ആവർത്തനമായും സംക്ഷേപിക്കാം ഓരോ പൗരോഹിത്യ ജീവിതത്തെയും.

സക്രാരിയിൽ പള്ളികൊള്ളുന്ന സ്നേഹരാജനുമായി സുദൃഢ വ്യക്തിബന്ധമുള്ള ഒരു വൈദികന് തന്റെ പൗരോഹിത്യ ജീവിതത്തെ അതന്റെ പൂർണ്ണഫലസമാപ്തിയിൽ എത്തിക്കാ

ARTICLE

നായിട്ട് സാധിക്കുന്നു. മൺമറഞ്ഞു പോയ ധാരാളം വൈദികർ ഇതിന് ഉത്തമോദാഹരണമാണ്.

സ്വയം അലിഞ്ഞുചേർന്ന് ഒരു പുരോഹിതൻ ദിവ്യബലി അർപ്പിക്കുമ്പോൾ ആ ദിവ്യാനുഭൂതി ജനഹൃദയങ്ങളിൽ പടർന്നു കയറാതിരിക്കുന്നതെങ്ങനെ? അദ്ദേഹത്തിന്റെ സുവിശേഷ പ്രസംഗത്തിൽ ദൈവവചനത്തിന്റെ കാതലല്ലാതെ, മനുഷ്യവചനത്തിന്റെ ചെതുമ്പലുകൾ ഒരിക്കലും കാണില്ല. ഒരു പൂർണ്ണ പുരോഹിതനെ ഇത് സാധിക്കൂ.

ആത്മീയതയ്ക്ക് ആഴമുണ്ടെങ്കിൽ മനുഷ്യബന്ധത്തിനും ആഴം കാണും. മറ്റുള്ളവരുടെ വേദനകൾ, ആകുലതകൾ, തകർച്ചകൾ, രോഗങ്ങൾ ഇവയെല്ലാം മുഴുശ്രദ്ധയോടെ കേട്ട് പ്രായോഗിക പരിഹാരമാർഗ്ഗങ്ങളാൽ ആശ്വാസമരുളുന്ന കർമ്മാത്മകനായ ഒരു മനുഷ്യസ്നേഹി കൂടിയായിരിക്കണം ഒരു പുരോഹിതൻ.

സ്നേഹമയനും, കരുണാമസൃണനുമാണ് ദൈവമെന്ന് സ്വജീവിതത്തിലൂടെ കാണിച്ചുതന്ന പുണ്യചരിതരായ അനേകം വൈദികർ ഭാരതസഭയ്ക്കുണ്ടായിരുന്നു.

കേരളത്തിലെയും, ഭാരതത്തിലെയും മാത്രമല്ല സാർവ്വത്രിക സഭയിലെതന്നെ മതബോധന രംഗത്തെ, വിപ്ലവാചാര്യന്മാരും, വിശ്വാസപരിശീലനവേദിയിലെ, ദീപ്തി ഗോപുരവുമായ വന്ദ്യവൈദികർ കടന്നുപോയ മാർത്തോമാ നസ്രാണിമാരുടെ പാരമ്പര്യമാണ് നമുക്കുള്ളത്. ആ വിശ്വാസപാതയെ എന്നും കാത്തു സൂക്ഷിക്കുവാനും അതിന്റെ ചൈതന്യം നഷ്ടപ്പെടാതെ കാത്തുപരിപാലിക്കുവാനും ഓരോ അജപാലക ശുശ്രൂഷകനും തന്റെ കർമ്മം ഒരു തപസ്യയായി മാറ്റണം. ആരാധനക്രമ ജീവിതത്തിന്റെ, ആഴമാർന്ന അനുഭൂതിയിലേക്ക് ഇടവക ജനത്തെ നയിക്കുവാൻ സർവ്വഥാ യത്നിച്ചുകൊണ്ടിരിക്കണം.

സ്വയം ശൂന്യനാക്കിയ ക്രിസ്തുവിന്റെ കാര്യങ്ങൾ അന്വേഷിക്കേണ്ട വൈദികരിൽ പലരും ഇന്ന് സ്വന്തം കാര്യങ്ങളിലും സുഖസൗകര്യങ്ങളുടെ അന്വേഷണത്തിലും ഏർപ്പെട്ടിരിക്കുന്നതായി കാണാം. അത്മായരോട് പിതാവിനൊത്ത സ്നേഹവും, താല്പര്യവും - ഗുരുനാഥനൊത്ത വാത്സല്യവും, സഹകരണവും, അംഗീകാരവും നല്കാൻ വൈദികൻ കടപ്പെട്ടിരിക്കുന്നു. മെത്രാനെ തന്റെ പിതാവിനെപ്പോലെ ബഹുമാനിക്കാനും സ്നേഹിക്കാനും കടപ്പെട്ടിരിക്കുന്നു.

ധീരനും വിശുദ്ധനുമായ മാർത്തോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഫലമായി രൂപപ്പെട്ട ക്രൈസ്തവ സമൂഹത്തിന് തങ്ങളുടേതായ സുവിശേഷ വത്ക്കരണ ശൈലി ഉണ്ടായിരുന്നു. തങ്ങളുടെ ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും അവർ എന്നും പ്രാധാന്യം നല്കിയിരുന്നു. ബലപ്രയോഗത്താലോ, നിർബന്ധത്താലോ ആരുടെയും മേൽ തങ്ങളുടെ വിശ്വാസം അടിച്ചേല്പിക്കാൻ അവർ ശ്രദ്ധിച്ചിരുന്നില്ല. മറ്റു മതവിഭാഗങ്ങൾ പോലും ക്രൈസ്തവ സമൂഹത്തെ ആദരിക്കുകയും, സ്നേഹിക്കുകയും ചെയ്തിരുന്നു. ഇന്നതിന് മങ്ങലേറ്റിരിക്കുന്നു.

തിരുപ്പട്ട കൂദാശയിലൂടെ ലഭിക്കുന്നത് ക്രിസ്തുവിന്റെ നാമത്തിലും, വ്യക്തിത്വത്തിലും, സമൂഹമധ്യേ സേവനം ചെയ്യുക എന്ന വരമാണ്. അതാവട്ടെ ഓരോ പുരോഹിതന്റെയും ധർമ്മം. വൈദികരുടെ മദ്ധ്യസ്ഥനായ ഫാ. ജോൺ മരിയ വിയാന്നിയെപ്പോലെ - മൺമറഞ്ഞുപോയ - വിശുദ്ധരായ വൈദികരുടെ പാത പിൻതുടർന്ന് ഓരോ പുരോഹിതനും, തന്റെ ജീവിതത്തിലൂടെ - രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതു പോലെ, തന്നെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തിനുവേണ്ടി ജീവിക്കുവാൻ സാധിക്കുമാറാകട്ടെ.

'പൗരോഹിത്യം അതു പവിത്രമാണ്, ദൈവീകമാണ്, അന്ധകാരത്തിൽ അനശ്വരതയുടെ ദീപനാളമാണ്'. നല്ലവരായ ധാരാളം പുരോഹിതന്മാർ തിരുസഭയ്ക്ക് ഉണ്ടാകട്ടെ എന്ന് ആശിക്കുന്നു, ആശംസിക്കുന്നു, അകമഴിഞ്ഞു പ്രാർത്ഥിക്കുന്നു.

ARTICLE

## St. John Paul II Church Indirapuram-Vaishali



**Holy Week**: It was a special Palm Sunday this year, as it was blessed with the gracious presence of our beloved Archbishop Dr. Kuriakose Bharanikulangara. We entered the church in a procession, waving the palms and chanting Hosanna by all. In the sermon, His Grace explained the significance of the day. It was the first Palm Sunday, when the Archbishop himself was the chief celebrant.

*Prepared by Charly K.V.*

## St. Thomas Church Motiakhan





**One-day Pilgrimage to Sardhana:** The Mathruvedhi unit of St. Thomas Church Motiakhan, organized a one-day Lenten pilgrimage to the Basilica of Our Lady of Graces, Sardhana on 12th March 2023. Around 60 members of our parish attended this pilgrimage. Also, the parishioners got the opportunity to celebrate the holy mass with our auxiliary bishop Mar Jose Puthenveettil.

**Visit to Mother Teresa Leprosy Home:** Mathruvedhi members along with the parish priest and parishioners visited Mother Theresa Leprosy Home, Dilshad Garden on the 19th of March 2023 afternoon. The parishioners interacted with the inmates there and also donated groceries, food items, medicines, etc.

**Visit of Archbishop Kuriakose Bharanikulangara:** On the holy occasion of Maundy Thursday Archbishop Kuriakose Bharanikulangara visited our parish and was the main celebrant of the Maundy Thursday celebrations. He washed the feet of the 12 disciples and also gave the message during the mass. As it was the day of the institution of priesthood, there was a small gathering after the holy mass followed by a cake-cutting ceremony and felicitating the bishop.

# Kristuraja Cathedral Faridabad



മാർച്ച് 19-ന് വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളും പിതൃദിനവും പരിശുദ്ധ കുർബാന യോടും പ്രത്യേക പ്രാർത്ഥനകളോടും നേർച്ച സദ്യയോടും കൂടി രണ്ട് മാസ് സെന്ററുകളിലും നടത്തി. മാർച്ച് 26-ാം തീയതി കത്തീഡ്രൽ ഇടവകയിലെ പുതിയതായി രൂപീകരിച്ച പാരിഷ് കൗൺസിൽ അംഗങ്ങൾ ഒരുമിച്ചു കൂടുകയും പ്രാർത്ഥനാപൂർവ്വം നടത്തപ്പെട്ട വോട്ടിംഗിൽ 2023-2025 വർഷങ്ങളിലേക്കുള്ള കൈകാരന്മാരായി തോമസ് തോമസും, സജീവ് സെബാസ്റ്റ്യനും തെരെഞ്ഞെടുക്കപ്പെട്ടു. അന്നേദിവസം തന്നെ കുട്ടികളുടെ വേദപാഠ വാർഷിക പരീക്ഷ കത്തീഡ്രൽ പ ള്ളിയിലും മാസ് സെന്ററിലുമായി നടത്തി.

ഇടവകയിൽ ഫരീദാബാദ് 16/A സി.എം.സി കോൺവെൻറ് സുപ്പീരിയറായി അനേക വർഷം സേവനം ചെയ്ത് നിര്യാതയായ സിസ്റ്റർ അർസേനിയ സി.എം.സിയുടെ മൃതദേഹത്തിനടുത്ത് വികാരിയച്ചനും കൊച്ചച്ചനും കൈകാരന്മാരും വിശ്വാസികളുടെ പ്രതിനിധികളും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു.

ഏപ്രിൽ രണ്ടിന് കത്തീഡ്രൽ പള്ളിയിൽ നടന്ന ഓശാന തിരുക്കർമ്മങ്ങളോടനുബന്ധിച്ച് പുതിയ കൈക്കാരന്മാരും പാരീഷ് കൗൺസിൽ അംഗങ്ങളും സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനം ഏറ്റു. ഈ വർഷത്തെ എക്യുമെനിക്കൽ ക്രിസ്ത്യൻ അസോസിയേഷൻറെ ആഭിമുഖ്യത്തിൽ നടത്തിയ ഓശാന റാലി ക്രിസ്തുരാജ കത്തീഡ്രലിൽ നിന്ന് ആരംഭിച്ച് സെന്റ് ആന്റണീസ് സ്കൂളിൽ സമാപിച്ചു. നമ്മുടെ യുവജനങ്ങളും ഇടവക ജനങ്ങളും ഉത്സാഹപൂർവ്വം ഈ റാലിയിൽ പങ്കെടുത്തു. പെസഹാവ്യാഴം, ദു:ഖവെള്ളി, ദു:ഖശനി കർമ്മങ്ങൾക്ക് വികാരിയച്ചൻ മുഖ്യകാർമ്മികനായി. ദു:ഖവെള്ളിയാഴ്ച DSYM-ന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച കുരിശിന്റെ വഴിയിലെ നിശ്ചലദൃശ്യങ്ങൾ എല്ലാവരുടെയും പ്രശംസയ്ക്ക് വകയായി. ഈസ്റ്റർ തിരുക്കർമ്മങ്ങൾ അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. DSYM നടത്തിയ പുനരുദ്ധാരണ അവതരണം അഭിവന്ദ്യ പിതാവിന്റെ പ്രശംസ പിടിച്ചുപറ്റി.

*Prepared by Fr. Jake Mangattu.*

## Assumption Forane Church Mayur Vihar Phase-3



ഇടവകയിൽ വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങൾ സെന്റ് മേരീസ് സ്കൂളിൽ രാവിലെ 8 മണിക്ക് നടന്നു. ഏപ്രിൽ മൂന്നു മുതൽ അഞ്ച് വരെ വൈകിട്ട് 6.30 മുതൽ 9.30 വരെ നടന്ന വാർഷിക ധ്യാനം എല്ലാവർക്കും അനുഗ്രഹീതകരമായിരുന്നു.

പെസഹവ്യാഴാഴ്ച കുർബാനക്കും, കാല് കഴുകൽ ശുശ്രൂഷകൾക്കും ഇടവക വികാരി ഫാദർ അബ്രഹാം ചെമ്പോട്ടിക്കൽ നേതൃത്വം നൽകി. ദിവസം മുഴുവൻ അസംപ്ഷൻ ഭവനിൽ യൂണിറ്റ് അടിസ്ഥാനത്തിൽ പരിശുദ്ധ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. വൈകിട്ട് 7.30-നു ആരംഭിച്ച പൊതു ആരാധന, അപ്പം മുറിക്കൽ ശുശ്രൂഷ എന്നിവയിൽ എല്ലാ വിശ്വാസികളും പങ്കെടുത്തു.

ദുഖവെള്ളിയാഴ്ച്ച തിരുക്കർമ്മങ്ങൾ രാവിലെ 7.30-നു ആരംഭിച്ചു. DSYM അംഗങ്ങൾ ഒരുക്കിയ കുരിശിന്റെ വഴിയുടെ ദൃശ്യാവിഷ്കരണം ഭക്തിസാന്ദ്രവും, അതിമനോഹരവുമായിരുന്നു.

## St. Alphonsa Church Shahbad



**വിശുദ്ധവാരാചരണം:** ഏപ്രിൽ മാസം 2-ാം തീയ്യതി ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങൾ രാവിലെ 9 മണിക്കായിരുന്നു. കുരുത്തോല വെഞ്ചിരിപ്പ്, പ്രദക്ഷിണം എന്നിവ ഉണ്ടായിരുന്നു. പെസഹാ വ്യാഴം വൈകീട്ട് 5 മണി മുതൽ ആരാധന, 8 മണിക്ക് പെസഹ തിരുക്കർമ്മങ്ങൾ, കാലു കഴുകൽ ശുശ്രൂഷ, അപ്പം മുറിക്കൽ എന്നിവ നടന്നു. ദുഃഖ വെള്ളിയാഴ്ച്ച തിരുക്കർമ്മങ്ങൾ രാവിലെ 9 മണിക്ക് ആരംഭിച്ചു. ഈസ്റ്റർ തിരുക്കർമ്മങ്ങൾ ശനിയാഴ്ച്ച വൈകീട്ട് 8 മണിക്കായിരുന്നു. വിശുദ്ധവാര തിരുക്കർമ്മങ്ങൾക്ക് വികാരി ഫാ.തരുൺ ചെറുകാട്ടുപറമ്പിൽ നേതൃത്വം വഹിച്ചു.

*Prepared by Jeeva Simon*

# Mary Matha Church Ludhiana



**Food distribution and Women's Day Celebration by Mathruvedhi:** During the Lenten season, the Mathruvedhi members of our parish took up the initiative to feed the needy. They organized and carried out a food donation drive. On March 8th, our parish celebrated International Women's day. The Holy Eucharistic celebration had active participation from the Mathruvedhi members who took the lead right from being Altar servers to leading the harmonious choir for the day.

**St. Joseph's Feast:** The feast of St Joseph, patron Saint of fathers was celebrated on March 19, 2023. Mar Jose Puthenveettil was the main celebrant for the solemn Holy Mass with Pithruvedi members assisting for the prayers, offertory and Choir. Following the Holy Mass, a sumptuous dinner prepared by our Pithruvedi members was served.

**Sardhana Pilgrimage and Lenten Retreat:** On 12th March 2023, we visited the Basilica of Our Lady of Graces- Sardhana. Lenten retreat led by Fr. Paul Pallichamkudiyil and Divine Retreat Centre Team was conducted in our parish from 23rd-26th March, 2023.

**Holy Week - Church and LPU:** The LPU Mass Centre, Phagwara, is an amazing testimony of how the Holy Spirit is helping Punjab Mission reach out to Catholic students who have come here for higher studies. The Holy Week celebrated at both our parish and at the LPU Mass Centre helped us to reaffirm our love for Christ. The catechism students and DSYM members of our parish deserve a special mention for their wholehearted participation during the Holy Week.

**Visit of Mar Peter Kochupurakal and Visit of Mar Joseph Pamplany:** Our parish was blessed by the presence of Mar Peter Kochupurakal, Bishop of the Diocese of Palakkad on March 29, 2023. Our parish was blessed by the presence of Mar Joseph Pamplany, Archbishop of the Diocese of Tellichery, on March 31, 2023.

*Prepared by Miss. Rosy Thomas*

## St. Alphonsa's Church Noida



**Women's Day celebrations:** On the 5th of March, on account of International Women's day, our Mathruvedhi team Sr. Celine and Rev. Fr. Joseph took out their valuable time and concerted efforts to visit the Sanjoepuram children's village. On this beautiful occasion, which included cultural activities like singing songs, engaging in action songs, having a meal with them-the mothers fed them like they feed their own kids. After that, they even visited five convents.

*Prepared by Dr. Anjali Sabu*

## Sacred Heart Forane Church Gurgaon





**International Women's Day:** Mathruvedhi hosted a special prayer service and presentation focused on the women who played significant roles in shaping the history of Christianity. These women serve as examples of courage, faith, and perseverance, and their stories continue to inspire people today.

**Spiritual Pilgrimage:** The DSYM team had a spiritual pilgrimage to Sardhana on 19th March. Purpose of this pilgrimage was to provide a powerful opportunity for spiritual growth, connection with the divine, and the deepening of one's faith.

**One-Day Excursion:** Catechism students and teachers had a one-day excursion to Rangmanch Farm on 26th March. The excursion had been a great success, kids had learned new things, challenged themselves, and had a lot of fun in the process. And most importantly, they had formed bonds of friendship that would last long after the day was over.

*Prepared by Jessy Roy*

## St. Joseph's Church Kalkaji



**St. Joseph Feast:** On 19th March, 2023, the parish celebrated the Feast of St. Joseph with all its solemnity. The parish priest greeted the parishioners with the name of Joseph who was specially remembered in the Holy Mass.

**Holy week:** The celebration began with a blessing of palm leaves and the blessed palm leaves were distributed to the parishioners and Holy Qurbana was offered with solemn procession. At the end, 'Kozhukotta' was served to the parishioners as 'Nercha'. For making Maundy Thursday was a blissful day, the Parish Priest arranged an hour of common adoration in the church. During the Holy Mass, the parish priest washed the feet of 12 persons. At the end, 'Pesaha Appam and Milk' was served to the parishioners. The Good Friday liturgy started at 8:30 a.m. The DSYM Kalkaji worked quite tirelessly on the Good Friday tableau, and did put on a quite impactful performance. On Easter youth members were involved and helped out with Easter tomb preparation and the resurrection of Jesus along with the church decoration.

## St. Jude's Church Sahibabad

**Annual Retreat and Feast of St. Joseph:** Annual retreat took place on 17th, 18th and 19th March, and Fr. Arun Madathumpady and Fr. Varghese Vinayanand helped us to have an upstanding retreat. On 19th March, the Feast of St. Joseph was acknowledged by the members of St. Joseph Unit and Pithruvedhi together, took the leadership of arranging a solemn Holy Mass.

**Holy Week:** Holy Week was observed with all the rituals, like washing of the feet, Eucharistic procession as we in the Syro Malabar community does. Unleavened bread and Milk were brought to the church from every house and distributed to everyone. Good Friday service took place at 8:00 a.m in Church; after that, the service ended with the solemn Way of the Cross. DSYM members of our church arranged the tableau for every station. Easter vigil mass at 7:30 p.m, starting with Easter Saturday, Lightning of the lamp, blessing the



water, followed by Easter Sunday services. DSYM arranged a marvelous show of the resurrection.

*Prepared by Sobha Thomas*

## St. Jude Thaddeus Church Ashok Vihar



**Holy week celebration:** The holy week celebrations of our parish was started with a retreat which was conducted on 2nd April, 2023. The retreat was led by Rev. Fr. Paul Pallichamkudiyil VC, and his team from Divine Retreat Centre, Faridabad. Christen Retreat was also conducted for our children separately on the same day by the sisters of the MSMI congregation. The palm leaves were blessed and distributed to all the parishioners followed Holy Mass. On the day of Maundy Thursday, during the Holy Mass, Fr. Vicar, washed the feet of the disciples. Fr. Sunil CMI, who gave an inspirational homily. Holy Eucharistic Procession was also conducted at the end of the Holy Mass. On the day of Good Friday, The life, passion and crucification of Our Lord Jesus Christ were displayed. The resurrection of Jesus Christ was displayed by creating a tableau in the church followed by the Solemn Holy Mass.

*Prepared by V.C Chacko*

## Amalolbhavamatha Church Mahipalpur



മഹിപാൽപൂർ അമലോൽഭവ മാതാ ഇടവക അംഗങ്ങളുടെ നേതൃത്വത്തിൽ മുൻ പാരിഷ് കൗൺസിൽ അംഗങ്ങളെ ആദരിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. വികാരി ഫാദർ മാത്യു അറയ്ക്കൽ, ചടങ്ങിന് നേതൃത്വം നൽകി. 2022-23 അധ്യായന വർഷത്തിൽ വിശ്വാസ പരിശീലനത്തിൽ മികവു പുലർത്തിയ കുട്ടികൾക്കും, നിത്യഹാജറിന് അർഹരായ കുട്ടികൾക്കും സമ്മാനം നൽകി ആദരിച്ചു. മാർച്ച് 19-ന് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുന്നാൾ ഊട്ടു നേർച്ചയോടുകൂടി ആഘോഷിച്ചു. വിശുദ്ധവാര തിരുക്കർമ്മങ്ങളിൽ വിശ്വാസി സമൂഹം തീഷ്ണതയോടുകൂടി പങ്കെടുത്തു. തിരുക്കർമ്മങ്ങൾക്ക് വികാരി ഫാദർ മാത്യു അറയ്ക്കൽ, ഫാദർ ജോസഫ് അറയ്ക്കൽ, ഫാദർ ഷിൻസ് കാക്കാനിയിൽ എന്നിവർ നേതൃത്വം നൽകി.

## St. Kuriakose Elias Chavara Church Harinagar



**Visit to Sanjoepuram:** The visit to Sanjoepuram Children's Village on March 12th was a significant event for the church members who participated. The day started with a Holy Mass at the Children's Village chapel, where prayers were offered, and blessings sought for the children and the village. The church members also engaged in interactive programs with the children, including playing games and singing songs, which brought joy to the children and provided them with companionship.

**Annual retreat:** Fr. Puthuppallil Sebastian led the annual retreat from March 24th-26th, focusing on penance and repentance for Holy Week. His teachings helped participants examine their lives, seek forgiveness, and prepare for the solemn observance of Holy Week.

**Holy week:** Palm Sunday was celebrated with reverence at our parish, led by Rev. Fr. Thomas Kollikolavil CMI, Vicar. The liturgy included the blessing and distribution of palm leaves. Parishioners also offered kozhukotta, Maundy Thursday observed with admiration at our parish, including day-long adoration. Rev. Fr. Thomas Kollikolavil CMI, the Vicar, offered Holy Mass including the ceremony of washing feet and Eucharistic procession, Appam cutting ceremony. Good Friday was commemorated at our parish with Rev. Fr. Paul Manikkathuparambil CMI leading the Peedanubhav Vayana. The sermon was delivered by Rev. Fr. Francis Karthanam VC. The Way of the Cross, followed by the procession with the body of Jesus Christ. Easter at our parish was solemnized by a joyous celebration. Rev. Fr. Roby Kannanchira CMI delivered a special sermon on the significance of Easter. Easter eggs were distributed by the youth, and delighted everyone with a lively band performance.

*Prepared by Albin Mathew*

## St. Francis of Assisi Forane Church Dilshad Garden





ഇടവകയിലെ മതബോധന വിദ്യാർത്ഥികൾക്കായി മാർച്ച് 11-ന് ക്രിസ്റ്റീൻ ധ്യാനം നടത്തി. ധ്യാനം ഇടവക വികാരി മോൺ. ജോൺ ചോഴിത്തറ ഉത്ഘാടനം ചെയ്തു. മാർച്ച് 12-ന് വിദ്യാർത്ഥികൾക്കായി ഏകദിന തീർത്ഥാടനയാത്ര സംഘടിപ്പിക്കുകയും നൂറുകണക്കിന് വിദ്യാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു. മാർച്ച് 5-ന് ഇടവകയിലെ മാതൃവേദിയുടെ വാർഷികാഘോഷവും മാർച്ച് 26-ന് നഴ്സസ് ഗിൽഡിന്റെ വാർഷികാഘോഷവും അതിഗംഭീരമായി നടത്തുകയും അടുത്ത രണ്ടുവർഷത്തേക്കുള്ള സംഘടനാ ഭാരവാഹികളെ തെരഞ്ഞെടുക്കുയും ചെയ്തു.

**വിശുദ്ധവാരം:** ദു:ഖവെള്ളിയുടെ തിരുക്കർമ്മങ്ങൾ രാവിലെ എട്ടുമണിക്ക് ആരംഭിച്ചു. ദേവാലയക്കർമ്മങ്ങൾക്കുശേഷം നടന്ന നഗരികാണിക്കൽ വിലാപയാത്രയിൽ വിശ്വാസികൾ ഭക്തിപൂർവ്വം പങ്കുചേർന്നു. തുടർന്ന് ഡൽഹി പോലീസിൽ സേവനം ചെയ്യുന്ന ഇടവകയിലെ അംഗങ്ങൾ ഒരുക്കിയ നേർച്ചകഞ്ഞി എല്ലാവർക്കും നൽകി. ഉയിർപ്പ് തിരുക്കർമ്മങ്ങൾ ശനിയാഴ്ച വൈകീട്ട് എട്ടുമണിക്ക് ആരംഭിച്ചു. ആഘോഷമായ തിരുക്കർമ്മങ്ങൾക്ക് ഇടവക വികാരി മോൺ. ജോൺ ചോഴിത്തറ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. എബിൻ MST , ഫാ. ആൽബിൻ താനിക്കാട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

*Prepared by Sunny Xavier*

## St. Peter's Church R.K. Puram





**Holy week:** The Holy Thursday was celebrated by the community in the morning at St. Thomas Church. The Parish Priest Rev. Fr. Davis Kalliyathuparambil washed the feet of 12 faithful during the ceremony. The Way of the Cross was held on the church Road, R.K. Puram. The faithful of St. Peter's Church gathered together in front of the church at 7.00 a.m and the Way of the Cross began, carrying wooden cross in their hands. Bro. Ashin Gopuran, give the Good Friday message to the people. With the blessing of new water and fire, the community of St. Peter's Church renewed the baptismal promise in the morning of the Holy Saturday at St. Peter's Bhavan. The faithful flocked at St. Thomas Church to celebrate the resurrection of Jesus Christ. The ceremony began in front of the specially prepared tomb in the play school ground by the DSYM members.

*Prepared by Ligy S John*

# Lourdes Matha Church Gurgaon



ലൂർദ് മാതാ ഇടവകയുടെ കീഴിലുള്ള സെന്റ് ജോസഫ് ദേവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ഭക്തി നിർഭരമായി ആഘോഷിച്ചു. തിരുനാൾ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര പിതാവ് മുഖ്യകാർമ്മികനായിരുന്നു. വിശുദ്ധ കുർബാന മദ്ധ്യേ വചനപ്രഘോഷണത്തിൽ നീതിമാനായ യൗസേപ്പിതാവിന് പ്രവാസികളുടെ ജീവിതവുമായുള്ള താദാത്മ്യത്തെ കുറിച്ചും, യൗസേപ്പിതാവിനു ക്രൈസ്തവ ജീവിതത്തിലുള്ള പ്രാധാന്യത്തെ കുറിച്ചും ആർച്ച്ബിഷപ്പ് എടുത്തു പറയുകയുണ്ടായി. വിശ്വാസ സമൂഹം രൂപപ്പെടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും, തിരുനാളുകളും മറ്റു ആഘോഷങ്ങളും പ്രവാസികളായി ജീവിക്കുന്നപുതിയ തലമുറയുടെ ജീവിതത്തിൽ കൊടുക്കുന്ന പോസിറ്റീവ് ഇമ്പാക്ടിനെ കുറിച്ചും പിതാവ് പ്രതിപാദിച്ചു. ഇടവകയിൽ വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നവരെ അഭിനന്ദിക്കുകയും അവർക്കു മെമെന്റോ നൽകി പിതാവ് ആദരിച്ചു. നിര്യാതനായ ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ മാർ ജോസഫ് പൗവ്വത്തിലിനുവേണ്ടി വിശുദ്ധ കുർബാനയിൽ പിതാവ് പ്രത്യേകം പ്രാർത്ഥിച്ചു.

ദൈവകരുണയുടെ തിരുനാളായ ഏപ്രിൽ-16 പുതുഞായർ ദിവസം രൂപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ഇടവകയിലെ നാല് മക്കൾക്ക് ആദ്യകുർബാന സ്വീകരണം നൽകി. വചന ശുശ്രൂഷയിൽ നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന ഈശോയോട് എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെ കുറിച്ചും മറ്റുള്ളവരോട് ഈശോയെപ്പോലെ കരുണയോടെ പെരുമാറുന്നതിനെ കുറിച്ചും മാർ ജോസ് പിതാവ് പ്രതിപാദിച്ചു. കഴിഞ്ഞ രണ്ടു വർഷമായി ഇടവകയിൽ സ്തുത്യർഹമായ സേവനം ചെയ്ത കൈക്കാരന്മാരെ പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു.

## Nirmal Hriday Church Tagore Garden



**First Holy Communion:** 11 catechism students received Jesus in their hearts for the first time through the sacrament of First Holy Communion and 6 students received the Holy Spirit through the sacrament of Confirmation on 16th April 2023 through His Grace Archbishop Kuriakose Bharanikulangara along with Parish Priest Rev. Fr. Augustine Thonikuzhiyil, MST and Rev. Fr. Mathew John, Chancellor. The awesome celebrations started with a procession on the main road led by Holy Communion Students and their parents, followed by catechism students, parish members, sisters, priests and archbishop. Archbishop was very happy with the prompt and accurate replies given by the First Holy Communion Students. His Grace also appreciated the Nirmal Hriday Church parish community and Vicar for the excellent arrangements and discipline.

**Holy Week Services:** After a three days long annual Lenten Retreat from 31st March to 2nd April and solemn celebrations on Palm Sunday, Good Friday Prayers were conducted at Holy Child School, Tagore Garden. Prayers started at 8 a.m. at Holy Child School premises in the most spiritual way. All parishioners with their families, attended the function on time. A unique glimpse of the Good Friday enactment of the crucifixion made the faithful cry to see the Christ's suffering on the cross. The youth of Nirmal Hriday Parish under the guidance of our Parish Priest did a perfect enactment of the Way of the Cross on the main road of Tagore Garden which was witnessed by the general public. The crucifixion of Jesus happened on a similar mountain top, which looked like an exact replica of the Calvary. Everyone was mesmerized with the enactment and overall conduct of the Way of the Cross experience. Easter Sunday was celebrated with three solemn holy masses.







Archbishop Kuriakose Bharanikulangara, Bishop Jose Puthenveettil and Msgr. John Chozhithara with priests, religious and lay representatives on the occasion of Chrism Mass at Fatima Matha Forane Church, Jasola



**Archbishop with major seminarians of the diocese during their vacation camp at Sanjoepuram Children's Village.**

# SANJOPURAM CHITS PVT. LTD

Reg. No. U65992HR2011PTC044185

## ഫരീദാബാദ് രൂപത നേരിട്ടു നടത്തുന്ന ചിട്ടി സ്ഥാപനം

- കുറഞ്ഞ കമ്മീഷൻ
- ലേലം കഴിഞ്ഞാലുടൻ തുക ലഭിക്കുന്നു
- എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച ലേലം
- എല്ലാ മാസവും 1 ലക്ഷം മുതൽ 5 ലക്ഷം വരെയുള്ള ചിട്ടികൾ ആരംഭിക്കുന്നു.
- NEFT / RTGS വഴി തുക അടക്കുന്നതിനുള്ള സൗകര്യം.



| CHIT CLASS | A | B | C | D |
|---|---|---|---|---|
| Total Chit Amount | 1,00,000 | 2,00,000 | 2,50,000 | 5,00,000 |
| First Installment | 5,000 | 8,000 | 10,000 | 20,000 |
| No. of Installment | 20 | 25 | 25 | 25 |

**Regd. Office : Maria Bhawan, Chandpur, Faridabad, Haryana – 122001**
**Branch Office : 1-B / 32, N.E.A. Old Rajinder Nagar, New Delhi – 110060**
**E-mail : sanjopuramchitspl@gmail.com**
**Contact : 999880157, 9999880158**

ലളിതമായ നിബന്ധനകൾ

കമ്മീഷൻ 3% മാത്രം

Printed, published and owned by Diocese of Faridabad-Delhi, Bishop's House, 1B/32 N.E.A, Old Rajinder Nagar, New Delhi - 110060, E-mail: santhomemessenger@gmail.com Website: www.faridabaddiocese.in (For Private Circulation only)